**മധുരമായ കുട്ടികളേ– സർവ്വരുടേയും സദ്ഗതി ദാതാവ് ഒരേയൊരു ബാബയാണ്, ബാബയെപോലെ നിഷ്കാമ സേവനം ചെയ്യാൻ മറ്റാർക്കും സാധിക്കില്ല.**

**ചോദ്യം:–** പുതിയ ലോകം സ്ഥാപിക്കുന്നതിനായി ബാബയ്ക്ക് ഏതൊരു പരിശ്രമമാണ് ചെയ്യേണ്ടി വരുന്നത്?

**ഉത്തരം:–** തീർത്തും അജാമിലനു സമാനമായ പാപികളെ വീണ്ടും ലക്ഷ്മീ നാരായണന്മാരെപ്പോലുള്ള പുണ്യ ദേവതയാക്കി മാറ്റുന്നതിനുള്ള പരിശ്രമം ബാബയ്ക്കു ചെയ്യേണ്ടിവരുന്നു. നിങ്ങൾ കുട്ടികളെ ദേവതയാക്കി മാറ്റാൻ ബാബ പരിശ്രമിക്കുന്നു. ബാക്കി സർവ്വാത്മാക്കളെയും ശാന്തിധാമത്തിലേയ്ക്ക് പോകുന്നു. എല്ലാവർക്കും തന്റെ കർമ്മ–കണക്കുകളെ തീർപ്പാക്കി യോഗ്യരായി മാറി തിരിച്ച് വീട്ടിലേയ്ക്ക് പോകണം.

**ഗീതം–** ഈ പാപത്തിന്റെ ലോകത്തിൽ നിന്നും.......

**ഓംശാന്തി**. മധുര മധുരമായ ആത്മീയ കുട്ടികൾ ഗീതം കേട്ടോ. കുട്ടികൾക്ക് അറിയാം ഇത് പാപത്തിന്റെ ലോകമാണ്. പുതിയ ലോകം പുണ്യത്തിന്റെ ലോകമാണ്. അവിടെ പാപമുണ്ടാകില്ല. അത് രാമരാജ്യമാണ്, ഇത് രാവണരാജ്യവും. ഈ രാവണ രാജ്യത്തിൽ എല്ലാവരും പതിതരും ദുഃഖികളുമാണ്. അതിനാലാണ് വിളിക്കുന്നത്– അല്ലയോ പതിതപാവനാ വന്ന് ഞങ്ങളെ പാവനമാക്കൂ. എല്ലാ ധർമ്മത്തിലുള്ളവരും വിളിക്കുന്നുണ്ട്– ഓ ഗോഡ്ഫാദർ വന്ന് ഞങ്ങളെ രക്ഷിക്കൂ, വഴികാട്ടിയാകൂ. ബാബ വരുമ്പോൾ സൃഷ്ടിയിൽ ഏതെല്ലാം ധർമ്മങ്ങളുണ്ടോ, എല്ലാവരേയും കൂടെക്കൊണ്ടുപോകും. ഈ സമയത്ത് എല്ലാവരും രാവണ രാജ്യത്തിലാണ്. എല്ലാ ധർമ്മത്തിലുള്ളവരേയും തിരിച്ച് ശാന്തിധാമത്തിലേയ്ക്ക് കൊണ്ടുപോകും. എല്ലാവരുടേയും വിനാശമുണ്ടാകണം. ബാബ ഇവിടെ വന്ന് കുട്ടികളെ സുഖധാമത്തിലേയ്ക്ക് പോകുന്നതിന് യോഗ്യരാക്കി മാറ്റുകയാണ്. എല്ലാവരുടേയും മംഗളം ചെയ്യുകയാണ്, അതിനാൽ ഒരാളെ മാത്രമാണ് സർവ്വരുടേയും സദ്ഗതി ദാതാവ്, സർവ്വരുടേയും മംഗളം ചെയ്യുന്നവർ എന്ന് പറയുന്നത്. ബാബ പറയുന്നു ഇപ്പോൾ നിങ്ങൾക്ക് തിരിച്ച് പോകണം. എല്ലാ ധർമ്മത്തിലുള്ളവർക്കും ശാന്തിധാമം അഥവാ നിർവ്വാണ ധാമത്തിലേയ്ക്ക് പോകണം അവിടെയാണ് എല്ലാ ആത്മാക്കളും ശാന്തമായിരിക്കുന്നത്. രചയിതാവായ പരിധിയില്ലാത്ത ബാബയാണ് വന്ന് എല്ലാവർക്കും മുക്തിയും ജീവന്മുക്തിയും നൽകുന്നത്. അതിനാൽ ആ ഒരേയൊരു ഗോഡ്ഫാദറിന്റെ മഹിമയാണ് ചെയ്യേണ്ടത്. ആരാണോ വന്ന് എല്ലാവരുടേയും സേവനം ചെയ്യുന്നത്, അവരെയാണ് ഓർമ്മിക്കേണ്ടത്. ബാബ സ്വയം മനസ്സിലാക്കിത്തരുന്നു ഞാൻ ദൂരദേശമായ പരമധാമത്തിൽ വസിക്കുന്നവനാണ്. ഏറ്റവും ആദ്യം ഉണ്ടായിരുന്ന ആദി സനാതന ദേവീദേവതാ ധർമ്മം ഇപ്പോൾ ഇല്ല അതിനാലാണ് എന്നെ വിളിക്കുന്നത്. ഞാൻ വന്ന് മുഴുവൻ കുട്ടികളേയും തിരികെക്കൊണ്ടുപോകും. ഇപ്പോൾ ഹിന്ദു എന്നത് ഒരു ധർമ്മമല്ല. സത്യത്തിൽ അത് ദേവീ ദേവതാ ധർമ്മമാണ്. പക്ഷേ പവിത്രമല്ലാത്തതിനാൽ സ്വയം ദേവതയെന്ന് എന്ന് പറയുന്നതിനു പകരം ഹിന്ദു എന്നു പറയുന്നു. ഹിന്ദു ധർമ്മത്തിന്റെ സ്ഥാപകനായി ആരും തന്നെയില്ല. ഗീത സർവ്വശാസ്ത്ര ശിരോമണിയാണ്. അത് ഭഗവാനാൽ ഉച്ചരിക്കപ്പെട്ടതാണ്. ഭഗവാൻ ഒരാളെ മാത്രമാണ് ഗോഡ് ഫാദർ എന്ന് വിളിക്കുന്നത്. ശ്രീകൃഷ്ണനേയോ ലക്ഷ്മീ നാരായണന്മാരേയോ ഗോഡ് ഫാദർ എന്നോ പതിതപാവനൻ എന്നോ വിളിക്കില്ല. അവർ രാജാവും റാണിയുമാണ്. അവരെ ഇങ്ങനെയാക്കി മാറ്റിയത് ആരാണ്? ബാബ. ബാബ ആദ്യം പുതിയ ലോകം രചിക്കുന്നു ഇവർ അതിന്റെ അധികാരികളാകുന്നു. എങ്ങനെയാണ് ആയത് ഇത് ഒരു മനുഷ്യനും അറിയില്ല. വലിയ വലിയ ലക്ഷാധിപതികൾ ക്ഷേത്രങ്ങൾ നിർമ്മിക്കുന്നു. അവരോട് ചോദിക്കണം– ഇവർ ഈ വിശ്വരാജ്യം എങ്ങനെയാണ് പ്രാപ്തമാക്കിയത്? എങ്ങനെ അധികാരിയായി? ഒരിയ്ക്കലും ആർക്കും പറയാൻ സാധിക്കില്ല. ഇത്രയും ശ്രേഷ്ഠമായ ഫലം ലഭിക്കാൻ ഇവർ എന്ത് കർമ്മമാണ് ചെയ്തത്? ഇപ്പോൾ ബാബ മനസ്സിലാക്കിത്തരുന്നു– നിങ്ങൾ നിങ്ങളുടെ ധർമ്മത്തെ മറന്നിരിക്കുന്നു. ആദി സനാതന ദേവീദേവതാ ധർമ്മത്തെ അറിയാത്തതു കാരണം മറ്റു ധർമ്മങ്ങളിലേയ്ക്ക് പരിവർത്തനപ്പെട്ടു. അവർ തന്റെ ശരിയായ ധർമ്മത്തിലേയ്ക്ക് തിരിച്ചുവരും. ആരാണോ ആദിസനാതന ദേവീ–ദേവതാ ധർമ്മത്തിലുള്ളത്, അവർ വീണ്ടും തന്റെ ധർമ്മത്തിലേയ്ക്ക് വരും. ക്രിസ്തു ധർമ്മത്തിലുള്ളവരാണെങ്കിൽ വീണ്ടും ക്രിസ്തു ധർമ്മത്തിലേയ്ക്ക് തിരിച്ചുവരും. ആദി സനാതന ദേവീദേവതാ ധർമ്മത്തിന്റെ തൈ നട്ടുകൊണ്ടിരിക്കുകയാണ്. ആര് ഏത് ധർമ്മത്തിലേതാണോ അവർക്ക് ആ ധർമ്മത്തിലേയ്ക്കു തന്നെ വരണം. ഇത് വൃക്ഷമാണ്, ഇതിന് പ്രധാനമായി മൂന്ന് ശാഖകളുണ്ട് പിന്നീട് അതിൽ നിന്നും വൃദ്ധി ഉണ്ടാകുന്നു. മറ്റാർക്കും ഈ അറിവ് നൽകാൻ സാധിക്കില്ല. ഇപ്പോൾ ബാബ പറയുന്നു

നിങ്ങൾ നിങ്ങളുടെ ധർമ്മത്തിലേയ്ക്ക് വരൂ. ചിലർ പറയുന്നു ഞാൻ സന്യാസ ധർമ്മത്തിലേയ്ക്ക് പോവുകയാണ്, രാമകൃഷ്ണ പരമഹംസന്റെ ശിഷ്യനാണ്. ഇപ്പോൾ അത് നിവൃത്തിമാർഗ്ഗമാണ്, നിങ്ങൾ പ്രവൃത്തി മാർഗ്ഗത്തിലുള്ളവരാണ്. ഗൃഹസ്ഥ മാർഗ്ഗത്തിലുള്ളവർക്ക് എങ്ങനെ നിവൃത്തി മാർഗ്ഗത്തിലുള്ളവരുടെ ശിഷ്യന്മാരാകാൻ സാധിക്കും! നിങ്ങൾ ആദ്യം പ്രവൃത്തി മാർഗ്ഗത്തിൽ പവിത്രമായിരുന്നു. പിന്നീട് രാവണനിലൂടെ നിങ്ങൾ അപവിത്രമായി മാറി. ഈ കാര്യങ്ങൾ ബാബ മനസ്സിലാക്കിത്തരികയാണ്. നിങ്ങൾ ഗൃഹസ്ഥാശ്രമത്തിലുള്ളവരാണ്, നിങ്ങൾക്ക് ഭക്തിയും ചെയ്യണം. ബാബ വന്ന് ഭക്തിയുടെ ഫലമായി സദ്ഗതി നൽകുന്നു. ധർമ്മമാണ് ശക്തി– എന്ന് പറയാറുണ്ട്. ബാബ ധർമ്മം സ്ഥാപിക്കുകയാണ്. നിങ്ങൾ മുഴുവൻ വിശ്വത്തിന്റേയും അധികാരിയാകുന്നു. ബാബയിൽ നിന്നും നിങ്ങൾക്ക് എത്ര ശക്തിയാണ് ലഭിക്കുന്നത്. ഒരേ ഒരു സർവ്വശക്തിവാനായ ബാബയാണ് വന്ന് എല്ലാവർക്കും സദ്ഗതി നൽകുന്നത് ബാക്കി ആർക്കും തന്നെ സദ്ഗതി നൽകാനും സാധിക്കില്ല, നേടാനും സാധിക്കില്ല. ഇവിടെത്തന്നെ വൃദ്ധിയുണ്ടായിക്കൊണ്ടിരിക്കും. തിരിച്ച് പോകാൻ ആർക്കും സാധിക്കില്ല. ബാബ പറയുന്നു ഞാൻ സർവ്വ ധർമ്മങ്ങളുടേയും സേവാധാരിയാണ്, വന്ന് എല്ലാവർക്കും സദ്ഗതി നൽകുന്നു. സദ്ഗതി എന്നു പറയുന്നത് സത്യയുഗത്തേയാണ്. മുക്തി ശാന്തിധാമത്തിലാണ്. അപ്പോൾ ആരാണ് ഏറ്റവും വലുത്? അച്ഛൻ പറയുന്നു– അല്ലയോ ആത്മാക്കളേ നിങ്ങൾ എല്ലാവരും സഹോദരങ്ങളാണ്, എല്ലാവർക്കും ബാബയിൽ നിന്നും സമ്പത്ത് ലഭിക്കുന്നു. വന്ന് എല്ലാവരേയും അവരവരുടേതായ സെക്ഷനിലേയ്ക്ക് തിരിച്ച് പോകുന്നതിന് യോഗ്യരാക്കി മാറ്റുന്നു. യോഗ്യരായി മാറുന്നില്ലെങ്കിൽ ശിക്ഷകൾ അനുഭവിക്കേണ്ടി വരുന്നു. കണക്കുകളെല്ലാം തീർപ്പാക്കിയ ശേഷമാണ് തിരിച്ചുപോകുന്നത്. അതാണ് ശാന്തിധാമം ശേഷമുള്ളതാണ് സുഖധാമം.

ബാബ പറയുന്നു ഞാൻ വന്ന് പുതിയ ലോകം സ്ഥാപിക്കുകയാണ്, ഇതിൽ പരിശ്രമിക്കേണ്ടി വരുന്നു. തീർത്തും അജാമിലനു സമാനമായ പാപികളെ ഇങ്ങനെയുള്ള ദേവീദേവതകളാക്കി മാറ്റുന്നു. നിങ്ങൾ വാമമാർഗ്ഗത്തിലേയ്ക്ക് എപ്പോൾ പോയോ അപ്പോൾ മുതൽ നിങ്ങൾ പടികൾ ഇറങ്ങിക്കൊണ്ടിരിക്കുന്നു. ഈ 84 ജന്മങ്ങളുടെ ഏണിപ്പടി താഴേയ്ക്ക് ഇറങ്ങാനുള്ളതുതന്നെയാണ്. സതോപ്രധാനത്തിൽ നിന്നും സതോ, രജോ, തമോ.... ഇപ്പോൾ ഇതാണ് സംഗമം. ബാബ പറയുന്നു ഞാൻ വരുന്നതുതന്നെ ഒരേയൊരു പ്രാവശ്യമാണ്. ഞാൻ ഏതെങ്കിലും ഇബ്രാഹിമിന്റേയോ ബുദ്ധന്റേയോ ശരീരത്തിലല്ല വരുന്നത്. ഞാൻ പുരുഷോത്തമ സംഗമയുഗത്തിലാണ് വരുന്നത്. ഇപ്പോൾ പറയുന്നു ബാബയെ ഫോളോ ചെയ്യൂ. ബാബ പറയുന്നു നിങ്ങൾ സർവ്വാത്മാക്കളും എന്നെയാണ് ഫോളോ ചെയ്യേണ്ടത്. എന്നെ മാത്രം ഓർമ്മിക്കുകയാണെങ്കിൽ നിങ്ങളുടെ പാപം യോഗാഗ്നിയിൽ ഭസ്മമാകും. ഇതിനെയാണ് യോഗാഗ്നി എന്നു പറയുന്നത്. നിങ്ങളാണ് സത്യം സത്യമായ ബ്രാഹ്മണർ. നിങ്ങൾ കാമചിതയിൽ നിന്നും ഇറങ്ങി ജ്ഞാനചിതയിൽ ഇരിക്കുകയാണ്. ഇത് മനസ്സിലാക്കിത്തരുന്നത് ഒരേ ഒരു ബാബയാണ്. ക്രിസ്തു, ബുദ്ധൻ മുതലായ എല്ലാവരും ആ ഒരാളെത്തന്നെയാണ് ഓർമ്മിച്ചത്. എന്നാൽ ബാബയെ യഥാർത്ഥത്തിൽ ആർക്കും അറിയില്ല. ഇപ്പോൾ നിങ്ങൾ ആസ്തികരായി മാറി. രചയിതാവിനേയും രചനയേയും നിങ്ങൾ ബാബയിലൂടെ അറിഞ്ഞു. ഋഷി മുനിമാർ എല്ലാവരും ഇതല്ല, ഇതല്ല എന്നാണ് പറഞ്ഞത്, ഞങ്ങൾക്ക് അറിയില്ല എന്ന് പറയുമായിരുന്നു. സ്വർഗ്ഗമാണ് സത്യഖണ്ഢം അവിടെ ദുഃഖമെന്ന പേരുപോലുമില്ല. ഇവിടെ എത്ര ദുഃഖമാണ്. ആയുസ്സും വളരെ കുറവാണ്. ദേവതകളുടെ ആയുസ്സ് എത്ര വലുതാണ്. അവരാണ് പവിത്ര യോഗികൾ. ഇവിടെയുള്ളത് അപവിത്ര ഭോഗികളാണ്. ഏണിപ്പടി ഇറങ്ങിവരുന്തോറും ആയുസ്സും കുറഞ്ഞുവന്നു. അകാലമൃത്യുവും സംഭവിക്കുന്നു. ബാബ നിങ്ങളെ ഇങ്ങനെയാക്കി മാറ്റുകയാണ്, 21 ജന്മങ്ങളിലേയ്ക്ക് നിങ്ങൾ രോഗിയായി മാറില്ല. അതിനാൽ ഇങ്ങനെയുള്ള ബാബയിൽ നിന്നും സമ്പത്ത് എടുക്കണം. ആത്മാവിനെ എത്രത്തോളം വിവേകശാലിയാക്കി മാറ്റണം. ബാബ ഇങ്ങനെയുള്ള സമ്പത്താണ് നൽകുന്നത് അതിനാൽ അവിടെ ഒരു ദുഃഖവുമുണ്ടാകില്ല. നിങ്ങളുടെ കരച്ചിലും നിലവിളിയും എല്ലാം സമാപ്തമാകും. എല്ലാവരും അഭിനേതാക്കളാണ്. ആത്മാവ് ഒരു ശരീരം വിട്ട് അടുത്തത് എടുക്കുന്നു. ഇതും ഡ്രാമയാണ്. ബാബ കർമ്മം, അകർമ്മം, വികർമ്മം എന്നിവയുടെ ഗതിയും മനസ്സിലാക്കിത്തരുന്നു. കൃഷ്ണന്റെ ആത്മാവ് 84 ജന്മങ്ങൾ എടുത്ത് ഇപ്പോൾ അന്തിമത്തിൽ അതേ ജ്ഞാനം കേട്ടുകൊണ്ടിരിക്കുകയാണ്. ബ്രഹ്മാവിന്റെ പകൽ, ബ്രഹ്മാവിന്റെ രാത്രി എന്ന് പാടിയിട്ടുണ്ട്. ബ്രഹ്മാവിന്റെ രാത്രിയും പകലും ബ്രാഹ്മണരുടേതുമാണ്. ഇപ്പോൾ നിങ്ങളുടെ പകൽ വരാൻ പോവുകയാണ്. മഹാശിവരാത്രി എന്നു പറയാറുണ്ട്. ഇപ്പോൾ ഭക്തിയുടെ രാത്രി പൂർത്തിയായി ജ്ഞാനത്തിന്റെ ഉദയമുണ്ടാവുകയാണ്. ഇപ്പോഴാണ് സംഗമം. ഇപ്പോൾ നിങ്ങൾ വീണ്ടും സ്വർഗ്ഗവാസിയായി മാറുകയാണ്. അന്ധകാരം നിറഞ്ഞ രാത്രിയിൽ ഒരുപാട് അലഞ്ഞു, ക്ഷീണിച്ചു, പൈസയും കളഞ്ഞു. ഇപ്പോൾ ബാബ പറയുന്നു ഞാൻ വന്നിരിക്കുകയാണ് നിങ്ങളെ ശാന്തിധാമം സുഖധാമത്തിലേയ്ക്ക് കൊണ്ടുപോകാൻ. നിങ്ങൾ സുഖധാമത്തിൽ വസിക്കുന്നവരായിരുന്നു. 84 ജന്മങ്ങൾക്കുശേഷം ദുഃഖത്തിൽ വന്ന് പെട്ടിരിക്കുന്നു. അപ്പോഴാണ് വിളിക്കുന്നത്– ഭഗവാനേ ഈ പഴയ ലോകത്തിലേയ്ക്ക് വരൂ. ഇത് നിങ്ങളുടെ ലോകമല്ല. നിങ്ങൾ ഇപ്പോൾ യോഗബലത്തിലൂടെ നിങ്ങളുടെ

ലോകം സ്ഥാപിക്കുകയാണ്. നിങ്ങൾക്ക് ഇപ്പോൾ ഡബിൾ അഹിംസകരായി മാറണം. കാമ വികാരിയായി മാറരുത്, കലഹിക്കുകയോ വഴക്കിടുകയോ ചെയ്യരുത്. ബാബ പറയുന്നു ഞാൻ ഓരോ 5000 വർഷങ്ങൾക്കുശേഷവും വരുന്നു. ഈ കല്പം 5000 വർഷത്തിന്റേതാണ്, അല്ലാതെ ലക്ഷക്കണക്കിന് വർഷങ്ങളുടേതല്ല. അഥവാ ലക്ഷക്കണക്കിന് വർഷങ്ങളുടേതാണെങ്കിൽ ഇവിടെയുള്ള ജനസംഖ്യ കൂടുതലായിരിക്കും. അപവാദം പറഞ്ഞുകൊണ്ടിരിക്കുകയാണ് അതിനാലാണ് ബാബ പറയുന്നത് ഞാൻ കല്പ കല്പം വരുന്നു, എനിക്കും ഡ്രാമയിൽ പാർട്ടുണ്ട്. പാർട്ടില്ലാതെ എനിക്കും ഒന്നും ചെയ്യാൻ സാധിക്കില്ല. ഞാനും ഡ്രാമയുടെ ബന്ധനത്തിലാണ്. വരുന്നത് കൃത്യം സമയത്തിലാണ്, മന്മനാഭവ. പക്ഷേ ഇതിന്റെ അർത്ഥം ആർക്കും അറിയില്ല. അച്ഛൻ പറയുന്നു ദേഹത്തിന്റെ മുഴുൻ സംബന്ധങ്ങളേയും ഉപേക്ഷിച്ച് മനസ്സ് എന്നിൽ അർപ്പിക്കു എങ്കിൽ എല്ലാവരും പാവനമായി മാറും. കുട്ടികൾ ബബയെ ഓർമ്മിക്കുന്നതിനുള്ള പരിശ്രമം ചെയ്തുകൊണ്ടിരിക്കുന്നു.

ഇതാണ് ഈശ്വരീയ വിശ്വവിദ്യാലയം. ഇങ്ങനെയുള്ള മറ്റൊരു വിദ്യാലയം ഉണ്ടാകുകയില്ല. ഇവിടെ ഈശ്വരീയ പിതാവ് വന്ന് മുഴുവൻ വിശ്വത്തേയും പരിവർത്തനപ്പെടുത്തുന്നു. നരകത്തിൽ നിന്നും സ്വർഗ്ഗമാക്കി മാറ്റുന്നു, അതിന്മേൽ നിങ്ങൾ രാജ്യം ഭരിക്കുന്നു. ഇപ്പോൾ ബാബ പറയുന്നു എന്നെ ഓർമ്മിക്കു എങ്കിൽ നിങ്ങൾ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും. ഇതാണ് ബാബയുടെ ഭാഗ്യശാലിയായ രഥം, ഇതിലാണ് ബാബ വന്ന് പ്രവേശിക്കുന്നത്. ശിവജയന്തിയും ആരും അറിയുന്നില്ല. അവർ പറയുന്നത് പരമാത്മാവ് നാമരൂപങ്ങളിൽ നിന്നും വേറിട്ടതാണ് എന്നാണ്. അല്ല, നാമ രൂപത്തിൽ നിന്നും വേറിട്ട് ഒരു വസ്തു ഉണ്ടാകില്ല. ഇത് ആകാശമാണ് എന്ന് പറയാറുണ്ട്, അപ്പോൾ പേരായില്ലേ. ചക്രവാളമാണ്, എന്നാൽ അതിനും പേരുണ്ടല്ലോ. അതിനാൽ ബാബയ്ക്കും പേരുണ്ട് മംഗളകാരി. പിന്നീട് ഭക്തി മാർഗ്ഗത്തിൽ അനേകം പേരുകൾ വെച്ചിരിക്കുന്നു. ബാബുരീനാഥ് എന്നും വിളിക്കുന്നു. ബാബ വന്ന് കാമ വികാരത്തിൽ നിന്നും രക്ഷിച്ച് പാവനമാക്കി മാറ്റുന്നു. നിവൃത്തീ മാർഗ്ഗത്തിലുള്ളവർ ബ്രഹ്മത്തെ പരമാത്മാവെന്നു കരുതുന്നു, അതിനെത്തന്നെയാണ് ഓർമ്മിക്കുന്നത്. അവരെ ബ്രഹ്മയോഗി, തത്വയോഗി എന്നു വിളിക്കുന്നു. പക്ഷേ അത് വസിക്കുന്നതിനുള്ള സ്ഥാനമാണ്, അതിനെയാണ് ബ്രഹ്മാണ്ഡം എന്നു വിളിക്കുന്നത്. അവർ പിന്നീട് ബ്രഹ്മത്തെ ഭഗവാൻ എന്ന് കരുതുന്നു. നമ്മൾ അലിഞ്ഞുചേരും എന്ന് വിചാരിക്കുന്നു. ആത്മാവിനെ വിനാശിയാക്കി മാറ്റുന്നു. ബാബ പറയുന്നു ഞാൻ തന്നെയാണ് വന്ന് എല്ലാവരുടേയും സഗ്ദതി ചെയ്യുന്നത് അതിനാൽ ഒരേ ഒരു ശിവബാബയുടെ ജയന്തിയാണ് വജ്രതുല്യമായത് ബാക്കി എല്ലാ ജയന്തികളും കക്കയ്ക്കുതുല്യമാണ്. ശിവബാബ തന്നെയാണ് എല്ലാവരുടേയും സദ്ഗതി ചെയ്യുന്നത്. അതിനാൽ ബാബ തന്നെയാണ് വജ്രതുല്യം. ബാബ തന്നെയാണ് നിങ്ങളെ സ്വർണ്ണിമ യുഗത്തിലേയ്ക്ക് കൊണ്ടുപോകുന്നത്. ബാബ തന്നെയാണ് വന്ന് നിങ്ങളെ ഈ ജ്ഞാനം പഠിപ്പിക്കുന്നത്, ഇതിലൂടെ നിങ്ങൾ ദേവീ ദേവതയാകുന്നു. പിന്നീട് ഈ ജ്ഞാനം പ്രായലോപമാകുന്നു. ഈ ലക്ഷ്മീ നാരായണന്മാരിൽ രചയിതാവിന്റേയും രചനയുടേയും ജ്ഞാനമില്ല.

കുട്ടികൾ ഗീതം കേട്ടു– ശാന്തിയും സമാധാനവും ഉള്ള സ്ഥലത്തേയ്ക്ക് കൂടെക്കൊണ്ടുപോകൂ എന്നു പറയുന്നു. അതാണ് ശാന്തിധാമം, പിന്നീട് സുഖധാമം. അവിടെ അകാലമൃത്യു ഉണ്ടാകില്ല. അതിനാൽ ബാബ വന്നിരിക്കുന്നത് ആ സുഖവും ശാന്തിയുമുള്ള ലോകത്തിലേയ്ക്ക് കൊണ്ടുപോകുന്നതിനാണ്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെകിട്ടിയ മധുര മധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**രാത്രിക്ലാസ്**

ഇപ്പോൾ നിങ്ങളുടെ സൂര്യവംശീ, ചന്ദ്രവംശീ രണ്ട് വംശപരമ്പരകളും ഉണ്ടാവുകയാണ്. എത്രയും നിങ്ങൾ അറിയുകയും പവിത്രമാവുകയും ചെയ്യുന്നുവോ അത്രയും മറ്റാർക്കും അറിയാനും സാധിക്കില്ല, പവിത്രമാകാനും സാധിക്കില്ല. ബാബ വന്നിട്ടുണ്ട് എന്ന് മാത്രം കേൾക്കും അപ്പോൾ ബാബയെ ഓർമ്മിക്കുന്നതിൽ മുഴുകും. മുന്നോട്ട് പോകുമ്പോൾ നിങ്ങൾ ഇതും കാണും– ലക്ഷം, കോടിക്കണക്കിന് ആളുകൾ ഇത് മനസ്സിലാക്കും. വായുമണ്ഡലം തന്നെ അങ്ങനെയുള്ളതായിരിക്കും. അവസാന സമയത്തെ യുദ്ധത്തിൽ എല്ലാവരും പ്രതീക്ഷയില്ലാത്തവരായി മാറും. എല്ലാവർക്കും ബോധ്യമാകും. നിങ്ങളുടെ ശബ്ദം ഉയരും. സ്വർഗ്ഗത്തിന്റെ സ്ഥാപന നടക്കുകയാണ്. എല്ലാവരുടേയും മരണം സമീപത്തുണ്ട്. പക്ഷേ ആ

സമയം ഇങ്ങനെയുള്ളതായിരിക്കും കോട്ടുവായ് ഇടാൻ പോലും സമയം ലഭിക്കില്ല. എന്താണ് സംഭവിക്കാൻ പോകുന്നത് എന്നത് മുന്നോട്ട് പോകുമ്പോൾ നന്നായി മനസ്സിലാകും. ഇവർ എല്ലാവരും ആ സമയത്ത് ഉണ്ടാകും- അങ്ങനെയുമില്ല. ചിലർ മരിക്കുകയും ചെയ്യും. കല്പ കല്പം എന്താണോ സംഭവിച്ചത് അതാണ് സംഭവിക്കുക. ആ സമയത്ത് ഒരേ ഒരു ബാബയുടെ ഓർമ്മയിലായിരിക്കും. ശബ്ദവും കുറവായിരിക്കും. പിന്നീട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കാൻ തുടങ്ങും. നിങ്ങൾ എല്ലാം സാക്ഷിയായി കാണും. വളരെ വേദനാ ജനകമായ സംഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. ഇപ്പോൾ വിനാശമുണ്ടാകണം എന്നത് എല്ലാവർക്കും മനസ്സിലാകും. ലോകം മാറുകതന്നെ വേണം. വിവേകം പറയുന്നു എപ്പോഴാണോ ബോംബുകൾ വീഴുന്നത് അപ്പോൾ വിനാശമുണ്ടാകും. ഇപ്പോൾ പരസ്പരം പറയുന്നു നിബന്ധന വയ്ക്കൂ, ഞങ്ങൾ ബോംബിടില്ല എന്ന് വാക്കുതരൂ. പക്ഷേ ഈ മുഴുവൻ സാധനങ്ങളും ഉണ്ടാക്കിയിരിക്കുന്നത് വിനാശത്തിനുവേണ്ടിയാണ്.

നിങ്ങൾ കുട്ടികൾക്ക് വളരെ അധികം സന്തോഷമുണ്ടാകണം. നിങ്ങൾക്ക് അറിയാം പുതിയ ലോകം ഉണ്ടാവുകയാണ്. ബാബ തന്നെയാണ് പുതിയ ലോകം സ്ഥാപിക്കുന്നത് എന്ന് മനസ്സിലാക്കുന്നുണ്ട്. അവിടെ ദുഃഖത്തിന്റെ പേരുപോലുമുണ്ടാകില്ല. അതിന്റെ പേരുതന്നെ പാരഡൈസ് എന്നാണ്. നിങ്ങൾക്ക് എങ്ങനെയാണോ നിശ്ചയമുള്ളത് ഇനി മുന്നോട്ട് പോകുമ്പോൾ അനേകം പേർക്ക് നിങ്ങളെപ്പോലെ നിശ്ചയം ഉണ്ടാകും. എന്താണ് സംഭവിക്കുന്നത് എന്ന അനുഭവം ആർക്കെങ്കിലും വേണമെങ്കിൽ അവർക്ക് മുന്നോട്ടുപോകവേ ഒരുപാട് അനുഭവങ്ങൾ ലഭിക്കും. അവസാന സമയത്ത് ഓർമ്മയുടെ യാത്രയിലും കൂടുതൽ ഇരിക്കും. ഇപ്പോൾ സമയമുണ്ട്, പുരുഷാർത്ഥം പൂർണ്ണമായി ചെയ്യുന്നില്ലെങ്കിൽ പദവി കുറഞ്ഞുപോകും. പുരുഷാർത്ഥം ചെയ്യുന്നതിലൂടെ പദവിയും നല്ലത് ലഭിക്കും. ആ സമയത്ത് നിങ്ങളുടെ അവസ്ഥയും വളരെ നല്ലതായിരിക്കും. സാക്ഷാത്ക്കാരവും ഉണ്ടാകും. കല്പ കല്പം എങ്ങനെ വിനാശമുണ്ടായോ അതുപോലെ ഉണ്ടാകും. ആരിൽ നിശ്ചയമുണ്ടോ, ചക്രത്തിന്റെ ജ്ഞാനമുണ്ടോ അവർ സന്തോഷത്തോടെയിരിക്കും. ശരി- ആത്മീയ കുട്ടികളേ ശുഭരാത്രി.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1. ഡബിൾ അഹിംസകരായി മാറി യോഗബലത്തിലൂടെ ഈ നരകത്തെ സ്വർഗ്ഗമാക്കി മാറ്റണം. തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യണം.

2. ഒരു ബാബയെ പരിപൂർണ്ണമായി ഫോളോ ചെയ്യണം. സത്യം സത്യമായ ബ്രാഹ്മണനായി മാറി യോഗാഗ്നിയിലൂടെ വികർമ്മങ്ങളെ ഭസ്മമാക്കണം. എല്ലാവരേയും കാമചിതയിൽ നിന്നും എടുത്ത് ജ്ഞാനചിതയിൽ ഇരുത്തണം.

## വരദാനം:- നിസ്വാർത്ഥവും നിർവ്വികൽപ സ്ഥിതിയിലൂടെയും സേവനം ചെയ്യുന്ന സഫലതാ മൂർത്തിയായി ഭവിക്കട്ടെ.

സേവനത്തിൽ സഫലതക്കുള്ള ആധാരം താങ്കളുടെ നിസ്വാർത്ഥവും നിർവ്വികല്പ സ്ഥിതിയുമാണ്. ഈ സ്ഥിതിയിലിരിക്കുന്നവർ സേവനം ചെയ്തുകൊണ്ട് സ്വയവും സന്തുഷ്ടവും ഹർഷിതവുമായിരിക്കും മറ്റുള്ളവരും അവരിൽ സന്തുഷ്ടരായിരിക്കും. സേവനത്തിൽ കൂട്ടായ്മയുണ്ടാകുന്നു, കൂട്ടായ്മയിൽ ഭിന്ന-ഭിന്നമായ കാര്യങ്ങളും ഭിന്ന-ഭിന്നമായ വിചാരങ്ങളും ഉണ്ടാകുന്നു. എന്നാൽ അനേകതയിൽ ആശയക്കുഴപ്പത്തിൽ വരരുത്. ആരുടേത് അംഗീകരിക്കും, ആരുടേത് അംഗീകരിക്കാതിരിക്കും ഇങ്ങനെ ചിന്തിക്കരുത്. നിസ്വാർത്ഥവും നിർവ്വികല്പവുമായ ഭാവത്തിലൂടെ നിർണ്ണയിക്കൂ എങ്കിൽ ആർക്കും വ്യർത്ഥ സങ്കൽപം വരികയില്ല മാത്രമല്ല സഫലതാമൂർത്തിയായി മാറുകയും ചെയ്യും.

## സ്ലോഗൻ:- ഇപ്പോൾ ശക്തികളിലൂടെ ബുദ്ധികളെ പരിവർത്തനം ചെയ്യുന്നതിനുള്ള സേവനം ആരംഭിക്കൂ.